**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4537** **01-07-2024 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന നടത്തി കയറ്റുമതി സാധ്യമാക്കുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ള "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയവ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു.എ.ഇ, ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ ഉൽപ്പന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി യു.എസ്.എ, യു,കെ, ദക്ഷിണാഫ്രിക്ക, മധ്യേഷൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായ ഏജൻസികളെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് കൊണ്ട് സഹകണ വകുപ്പിന്റെ നേതൃത്വത്തിൽ 'എക്സ്പോർട്ട് ബിസിനസ് മീറ്റ് 2024' സംഘടിപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഓർഡർ പ്രകാരമുള്ള കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിദേശത്തേക്ക് |

| | | | |
|---|---|---|---|
| | | | കയറ്റി അയക്കുന്നതിനു സഹകരണ സംഘങ്ങൾ സജ്ജമാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ